# ഭരണഭാഷ - മാതൃഭാഷ

നമ്പർ. C4/6547/19/GECSKP

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

തീയതി: 08.08.2019

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (പുതുക്കൽ ), 2019-20 - അപേക്ഷിക്കുന്നതു സംബന്ധിച്ച്.

സൂചന :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10/07/2019 ലെ ക്യു4/102148/2019/കോ.വി.വ. നമ്പർ വിജ്ഞാപനം.

2019-20 അദ്ധ്യയനവർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്**(പുതുക്കൽ)**-നു അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അർഹരായ വിദ്യാർഥികൾ 'നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ **www.scholarships.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**<u>യോഗ്യത</u>**

1. അപേക്ഷകർ 2018-19 അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ 50 ശതമാനത്തിനുമുകളിൽ മാർക്കുണ്ടായിരിക്കണം.
2. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ താഴെയായിരിക്കണം.
3. അപേക്ഷകർ നിർബന്ധമായും ആധാർ കാർഡ് കരസ്ഥമാക്കേണ്ടതും നമ്പർ ബാങ്ക് അക്കൌണ്ടുമായി ബന്ധിപ്പിക്കേണ്ടതാണ്.
4. അപേക്ഷകർ ഇപ്പോൾ പഠിക്കുന്ന കോഴ്സിന് സർക്കാരിൽ നിന്ന് മറ്റു സ്കോളർഷിപ്പോ സ്റ്റൈപ്പൻറോ സ്വീകരിക്കുവാൻ പാടില്ല.
5. 2018-19 അദ്ധ്യയനവർഷത്തിൽ 75% ഹാജർനില ഉണ്ടായിരിക്കണം.
6. അച്ചടക്കനടപടി നേരിടുന്നവർ അപേക്ഷിക്കാൻ യോഗ്യരല്ല

<u>ഓൺലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ-</u>

- നോൺ ക്രീമി ലെയർ സർട്ടിഫിക്കറ്റ്/ വരുമാന സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റ്..
- അംഗവൈകല്യ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
- മുൻവർഷത്തെ മാർക്ക് ലിസ്റ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ബാങ്ക് അക്കൌണ്ടിൻറെ ആദ്യ പേജിൻറെ (വിദ്യർഥിയുടെ പേര്, അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവ അടങ്ങിയത്) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ആധാർ കാർഡിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ഈ അദ്ധ്യയന വർഷത്തെ ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

വിദ്യാർത്ഥികൾ ഓൺലൈൻ പുതുക്കൽ അപേക്ഷ അയച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പി മേല്പറഞ്ഞ രേഖകളും ഹാജർനിലയും സഹിതം സഹിതം <u>14/10/2019നു</u> മുമ്പായി ഓഫീസിൽ ( സി4 സെക്ഷൻ) സമർപ്പിക്കേണ്ടതാണ്, കൂടുതൽ വിവരങ്ങൾ **www.dcescholarshio.kerala.gov.in, www.collegiateedu.kerala.gov.in, www.scholarship.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. ഒന്നാം വർഷ ക്ലാസ്സുകളിൽ വായിക്കുന്നതിന്
2. നോട്ടീസ് ബോർഡ് (2 എണ്ണം)
3. ശ്രീ. പ്രേം കുമാർ - വെബ് അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #2 of File C4/6547/19/GECSKP Approved by Principal on 08-Aug-2019 01:45 PM - Page 1

# ഭരണഭാഷ - മാതൃഭാഷ

നമ്പർ. C4/6547/19/GECSKP

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

തീയതി: 08.08.2019

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (ഫ്രഷ് ), 2019-20 - അപേക്ഷിക്കുന്നതു സംബന്ധിച്ച്.

സൂചന :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10/07/2019 ലെ ക്യൂ4/102148/2019/കോ.വി.വ. നമ്പർ വിജ്ഞാപനം.

2019-20 അദ്ധ്യയനവർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് (ഫ്രഷ്) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കേരളത്തിലെ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി 2019 മാർച്ചിൽ 80% മോ അതിനു മുകളിലോ നേടിയവർക്ക് അപേക്ഷിക്കാവുന്നതാണ്. 'നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലൂടെ (www.scholarships.gov.in) ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

<u>യോഗ്യത</u>

1. അപേക്ഷകർ 2019 മാർച്ചിൽ ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ 80% മോ അതിനു മുകളിലോ നേടിയിരിക്കണം.
2. കുടുംബ വാർഷിക വരുമാനം **എട്ട് ലക്ഷം** രൂപയിൽ താഴെയായിരിക്കണം.
3. അപേക്ഷകർ നിർബന്ധമായും ആധാർ കാർഡ് കരസ്ഥമാക്കേണ്ടതും നമ്പർ ബാങ്ക് അക്കൌണ്ടുമായി ബന്ധിപ്പിക്കേണ്ടതാണ് (ബാങ്ക് അക്കൌണ്ട് സ്വന്തം പേരിലുള്ളതായിരിക്കണം).
4. അപേക്ഷകർ ഇപ്പോൾ പഠിക്കുന്ന കോഴ്സിന് മറ്റ് സ്കോളർഷിപ്പോ സ്റ്റൈപ്പൻറോ സ്വീകരിക്കുവാൻ പാടില്ല

<u>ഓൺലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ-</u>

- ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ മാർക്ക് ലിസ്റ്റ്. (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
- എസ്എസ്എൽസി യുടെ അറ്റസ്റ്റഡ് സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്. (വില്ലേജ് താലൂക്ക് അധികാരികളിൽ നിന്നുള്ളത്.)
- അംഗവൈകല്യ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
- അഡ്മിഷൻ സ്ലിപ്പ്
- ബാങ്ക് അക്കൌണ്ടിൻറെ ആദ്യ പേജിൻറെ (വിദ്യർഥിയുടെ പേര്, അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവ അടങ്ങിയത്) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ആധാർ കാർഡിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- ഈ അദ്ധ്യയന വർഷത്തെ ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

വിദ്യാർത്ഥികൾ ഓൺ ലൈൻ അപേക്ഷ അയച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പി മേല്പറഞ്ഞ രേഖകകൾ സഹിതം **14/10/2019നു** മുമ്പായി ഓഫീസിൽ (സി4 സെക്ഷൻ) സമർപ്പിക്കേണ്ടതാണ്, കൂടുതൽ വിവരങ്ങൾ **www.dcescholarshio.kerala.gov.in, www.collegiateedu.kerala.gov.in, www.scholarship.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. ഒന്നാം വർഷ ക്ലാസ്സുകളിൽ വായിക്കുന്നതിന്
2. നോട്ടീസ് ബോർഡ് (2 എണ്ണം)
3. ശ്രീ. പ്രേം കുമാർ - വെബ് അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/6547/19/GECSKP Approved by Principal on 08-Aug-2019 01:46 PM - Page 1

150 YEARS OF CELEBRATING THE MAHATMA